DESPATCHED
On... 12/06/2020

17/03/2020



# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം, തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP.2642(2)/2015**/എസ്.ഐ.സി.
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നം.16297/എസ്.ഐ.സി-ജി 6/15

സന്നിഹിതൻ
ഡോ.കെ.എൽ.വിവേകാനന്ദൻ, ബഹു.വിവരാവകാശ കമ്മീഷണർ

ശ്രീ. കരേടിയിൽ നിസ്സാം
എ.എ.ഹൗസ്,ചെമ്പൂർ എൽ.പി.എസ് ന് സമീപം
മുദാക്കൽ പി.ഒ
തിരുവനന്തപുരം-695 103
} അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,
   ആരോഗ്യ കുടുംബക്ഷേമ(ജി) വകുപ്പ്
   കേരള ഗവൺമെന്റ് സെക്രട്ടറിയറ്റ്
   തിരുവനന്തപുരം

2. അപ്പീൽ അധികാരി,
   ഡെപ്യൂട്ടി സെക്രട്ടറി
   ആരോഗ്യ കുടുംബക്ഷേമ(ജി) വകുപ്പ്
   കേരള ഗവൺമെന്റ് സെക്രട്ടറിയറ്റ്
   തിരുവനന്തപുരം

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 09.09.2015 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 09.10.2015 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 15.10.2015 |
| ഒന്നാം അപ്പീലിന് മറുപടി ലഭ്യമാക്കിയ തീയതി | 07.11.2015 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 16.10.2015 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 17.10.2015 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 09.05.2016 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 30.05.2016 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 28.11.2019 സംസ്ഥാന വിവരാവകാശ കമ്മീഷൻ ആസ്ഥാനം |
| ഹിയറിംഗിലെ സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല<br>ഹാജരായിരുന്നു |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൻമേൽ തൃപ്തികരമായ മറുപടി ലഭ്യമാക്കിയില്ല എന്നും ആയതിനാൽ അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നും എതിർകക്ഷികൾക്കെതിരെ നടപടി സ്വീകരിക്കണമെന്നും മറ്റുമാണ്.

2. വിവരാവകാശ നിയമത്തിലെ 6(1) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരൻ 09.09.2015 തീയതി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ സൈക്യാട്രിപര മായി വികലാംഗരായ ജീവനക്കാർക്ക് നിലവിൽ കൺവേയൻസ് അലവൻസ് ലഭിക്കു ന്നില്ലെന്നും അപ്രകാരം കൺവേയൻസ് അലവൻസ് ലഭ്യമാക്കുന്നതിനായി ധനവകു പ്പിൽ നിന്നും ഉത്തരവ് പുറപ്പെടുവിക്കുന്നതിന് വേണ്ടിയുള്ള നടപടിക്രമങ്ങളുടെ ഭാഗ മായി നം.67772/13 തിയതി 29.08.2013 പ്രകാരം ഒരു അനൗദ്യോഗിക കുറിപ്പിലൂടെ ആവ ശ്യപ്പെട്ട റിപ്പോർട്ട് നാളിതുവരെ ധനവകുപ്പിൽ എത്തിയില്ലെന്നറിയുന്നുവെന്നും, ടി റിപ്പോർട്ടിന്റെ ശരിപ്പകർപ്പ് ലഭ്യമാക്കി തരണമെന്നും, ടി റിപ്പോർട്ട് ധന വകുപ്പിലേയ്ക്ക് നൽകിയ ദിവസം എന്നാണെന്നുമാണ് ആവശ്യപ്പെട്ടത്.

3. മേൽപ്പടി അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി 09.10.2015 തീയതി നൽകിയ മറുപടിയിൽ അറിയിച്ചത്, ടി അനൗദ്യോഗിക കുറിപ്പ് കൈകാര്യം ചെയ്തിരുന്ന ഫയൽ സെക്ഷ നിൽ നിന്നും കണ്ടെത്തുവാൻ കഴിഞ്ഞിട്ടില്ലെന്നാണ്. എങ്കിലും ആരോഗ്യവകുപ്പ് ഡയ റക്ടറേറ്റിൽ നിന്നും ലഭ്യമായിട്ടുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർ നടപടി കൾ സ്വീകരിച്ചുവരുന്നുവെന്നുമാണ്. ടി മറുപടി തൃപ്തികരമല്ലെന്ന് കാണിച്ച് 15.10.2015 തിയതി അപ്പീൽ നൽകുകയും 07.11.2015 ന് അപ്പീൽ അധികാരി നൽകിയ മറുപടിയിൽ ഹർജിക്കാരന്റെ അപേക്ഷയിന്മേൽ തുടർ നടപടികൾ സ്വീകരിച്ച് വരുന്നുവെന്നുമാണ്.

4. 30.05.2016 ന് സമർപ്പിച്ച റിപ്പോർട്ടിൽ ഒന്നാം അപ്പീൽ അധികാരി പ്രസ്താവിച്ചത്, ഹർജിക്കാരൻ സമർപ്പിച്ച പരാതിയിൽ പറഞ്ഞിട്ടുള്ള ആവശ്യങ്ങളിൽ ശാരീരികമായി വെല്ലുവിളി നേരിടുന്നവരുടെ കൺവേയൻസ് അലവൻസുമായി ബന്ധപ്പെട്ട ഫയൽ തീർപ്പാക്കി ധനകാര്യവകുപ്പിന് അനൗദ്യോഗിക കുറിപ്പുവഴി ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ടെന്നും, 13.05.2016 ലെ ജി.ഒ(പി)16/2016/അ.കു.വ നമ്പർ ഗവ.ഉത്തരവ് പ്രകാരം ടിയാൻ ആവശ്യപ്പെട്ടിട്ടുള്ള മരുന്നുകൾ റീ ഇമ്പേഴ്സ്മെന്റിനു അനുവദനീ യമായ മരുന്നുകളുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും ടി കാര്യം അപേക്ഷ കനെ അറിയിച്ചിട്ടുണ്ടെന്നുമാണ്. 28.11.2019 ന് സമർപ്പിച്ച റിപ്പോർട്ടിൽ ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയിലും അപ്പീൽ അപേക്ഷയിലും നിയമാനുസരണം നടപടി

സ്വീകരിച്ച് സമയപരിധിക്കുള്ളിൽ തന്നെ മറുപടി നൽകിയിട്ടുണ്ടെന്നും, കമ്മീഷനിൽ നിന്നും ലഭിച്ച നിർദ്ദേശത്തെത്തുടർന്ന് വിശദമായ തെരച്ചിൽ നടത്തിയതിന്റെ ഫല മായി ധനകാര്യവകുപ്പിൽ നിന്നും ലഭ്യമായ 29.08.2013 തിയതിയിലെ അനൗദ്യോഗിക കുറിപ്പുമായി ബന്ധപ്പെട്ട തീർപ്പുഫയൽ റിക്കോർഡ്സ് സെക്ഷനിൽ നിന്നും ലഭ്യമായ സാഹചര്യത്തിൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ റിപ്പോർട്ടിന്റെ പകർപ്പിനോടൊപ്പം കമ്മീഷൻ നിർദ്ദേശിച്ച പ്രകാരം സൗജന്യമായി നൽകിയിട്ടുണ്ടെന്നാണ്.

5. അപ്പീൽ ഹർജിയും ഹിയറിംഗിന് എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടും ബന്ധപ്പെട്ട രേഖ കളും പരിശോധിച്ചതിലും എതിർകക്ഷിയെ നേരിൽ കേട്ടതിലും അപ്പീൽ ഹർജിക്കാ രൻ സമർപ്പിച്ച വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്ന വിവരങ്ങൾ ഉൾപ്പെടെ റിപ്പോർട്ടായി ഹർജിക്കാരന് സൗജന്യമായി നൽകിയതായി യുള്ള എസ്.പി.ഐ.ഒയുടെ മൊഴി വിശ്വാസത്തിലെടുത്തുകൊണ്ട് ടി അപ്പീൽ ഹർജി യിൽ മറ്റ് നടപടികൾ ആവശ്യമില്ലെന്ന് കണ്ട് ഇന്നേദിവസം 2020 മാർച്ച് 17–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

STATE INFORMATION COMMISSION
KERALA, THIRUVANANTHAPURAM

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

RIGHT TO INFORMATION